പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ.4733

18.12.2014 ൽ
മറുപടിക്ക്

## നിലം നികത്തലും മണലെടുപ്പും തടയുന്നതിന്

ചോദ്യം
ശ്രീ.ആർ. രാജേഷ് :

ഉത്തരം
ശ്രീ .അടൂർ പ്രകാശ്
(ബഹു.റവന്യൂവും കയറും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | ആലപ്പുഴ ജില്ലയിൽ നിലം നികത്തലും മണലെടുപ്പും തടയുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) & (ബി) | 2008 ലെ കേരളാ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ സെക്ഷൻ 13 പ്രകാരം ജില്ലാ കളക്ടറിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് അനധികൃതമായി പരിവർത്തനം ചെയ്യുന്ന നിലങ്ങൾ പൂർവ്വ സ്ഥിതിയിലാക്കുന്നതിന് നിയമാനുസൃത നടപടി സ്വീകരിച്ചു വരുന്നു. ഡാറ്റാ ബാങ്കിൽ ഉൾപ്പെടാത്ത നികത്തലുകൾക്കെതിരെ 1967 ലെ KLU ഉത്തരവ് പ്രകാരം നടപടി സ്വീകരിക്കുന്നുണ്ട്. അനധികൃത മണലെടുപ്പ് തടയുന്നതിനായി കളക്ടേറ്റിൽ നാല് സ്ക്വാഡുകൾ രൂപീകരിച്ച് രാപകൽ ഭേദമെന്യേ അനധികൃത മണലെടുപ്പ് നിയന്ത്രണ പ്രവർത്തനങ്ങൾ നടത്തി വരുന്നതും നിരവധി വള്ളങ്ങൾ / വാഹനങ്ങൾ കസ്റ്റഡിയിൽ എടുത്ത് നടപടി സ്വീകരിച്ചു വരുന്നതുമാണ്. ഇത് കൂടാതെ താലൂക്ക് തലത്തിലും സ്ക്വാഡുകൾ രൂപീകരിച്ച് പ്രവർത്തനം നടത്തി വരുന്നു. |
| (ബി) | മണലെടുപ്പും നിലം നികത്തലും തടയുന്നതിന് പ്രത്യേക സംഘത്തെ നിയോഗിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | | |
| (സി) | ആലപ്പുഴ ജില്ലയിൽ നിലം നികത്തുന്നതിനും മണലെടുക്കുന്നതിനും മണൽ വില്ക്കുന്നതിനും അനുമതി ലഭിച്ച വ്യക്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (സി) | ആലപ്പുഴ ജില്ലയിൽ 33 വ്യക്തികൾക്ക് മണൽ ശേഖരിച്ച് വിപണനം നടത്തുന്നതിന് നിലവിൽ ഡീലർ ലൈസൻസ് ഉണ്ട്. ഡീലർ ലൈസൻസ് നിലവിലുള്ളവരുടെ വിവരം അനുബന്ധമായി ചേർക്കുന്നു. 2008 ലെ കേരള നെൽവയൽ തണ്ണീർത്തട നിയമപ്രകാരം വീട് വയ്ക്കാനായി നിലം നികത്താൻ അനുമതി ലഭിച്ചവരുടെ വിവരം ശേഖരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (ഡി) | അനുമതി നൽകുന്ന ഉദ്യോഗസ്ഥരുടെയും സർക്കാർ വകുപ്പുകളുടെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ഡി) | 2008 ലെ കേരള നെൽവയൽ തണ്ണീർത്തട നിയമപ്രകാരം പഞ്ചായത്തുകളിൽ 10 സെന്റും മുനിസിപ്പാലിറ്റി / കോർപ്പറേഷൻ എന്നിവിടങ്ങളിൽ 5 സെന്റും നികത്തുന്നതിനുള്ള അനുമതി നൽകേണ്ടത് റവന്യൂ ഡിവിഷണൽ ഓഫീസർ ചെയർമാനായുള്ള ജില്ലാതല അധികൃത സമിതിയാണ്. ആലപ്പുഴ ജില്ലയിൽ ഇതിന്റെ അധികാരി ആലപ്പുഴ റവന്യൂ ഡിവിഷണൽ ഓഫീസറാണ്.<br><br>സെക്ഷൻ ഓഫീസർ |

അനുബന്ധം [illegible]